"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാദിയായി വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ അതതു കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ ഹാജരാകുന്നതിന് അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.243/2025/HOME തീയതി,തിരുവനന്തപുരം, 24-01-2025

പരാമർശം:-
1. തദ്ദേശ സ്വയംഭരണ (ഡബ്ല്യു. എം) വകുപ്പിന്റെ 21-10.2024, 17.12.2024 തീയതിയികളിലെ WM3/400/2024/LSGD നം അനൗദ്യോഗിക കുറിപ്പ്
2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 12.11.2024 തീയതിയിലെ 871/ എച്ച്/2021/ഡിജിപി നം കത്ത്

**ഉത്തരവ്**

കേരള പഞ്ചായത്ത് രാജ്, നഗരപാലിക നിയമഭേദഗതികളുടെ പശ്ചാത്തലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളുടെ പ്രായോഗികത പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സിവിൽ കേസുകളിൽ സ്റ്റാൻഡിങ് കൗൺസിലുകൾക്ക് ഹാജരാകാൻ കഴിയുമെങ്കിലും, മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള സ്റ്റേറ്റ് വാദിയായി/എതിർകക്ഷിയായി വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ സ്റ്റാൻഡിങ് കൗൺസിലുകൾക്ക് ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിൽ, അതാത് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാകുന്നതിന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ അധികാരപ്പെടുത്താവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാദിയായി വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ അതാതു കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാകുന്നതിന് അധികാരപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നവീൻ കൃഷ്ണൻ ജി ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഭരണം), എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ &ഇ), തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡബ്ല്യു. എം.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E- 2953090)

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
സെക്ഷൻ ഓഫീസർ
Date: 24-01-2025 14:25:08